# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**23.08.2012–ൽ കൂടിയ കോ–ഓർഡിനേഷൻ സമിതിയുടെ യോഗ നടപടിക്കുറിപ്പ്:–**

യോഗം രാവിലെ 9.30–ന് ചീഫ് മിനിസ്റ്റേഴ്സ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. നഗരകാര്യവകുപ്പു മന്ത്രി യോഗത്തിൽ സംബന്ധിച്ചു.

1. **01.08.2012–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.**
2. **പൊതു വിഷയങ്ങൾ**
3. **പ്രത്യേക വിഷയങ്ങൾ**

**3.1 പത്തനംതിട്ട നഗരസഭ (ഫയൽ നം. 47905/ ഡി.സി3/2012/തസ്വഭവ)**

പത്തനംതിട്ട ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം സെൻട്രൽ PWD യെ ഏൽപ്പിക്കുന്നതിന്, MPLADS മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഇൻഫർമേഷൻ കേരള മിഷൻ (ഫയൽ നം. 48038/ ഐ.ബി.1/2012/തസ്വഭവ)**

ഐ.കെ.എം.ന്റെ പ്രവർത്തനം വാടകകെട്ടിടത്തിൽ നിന്ന് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു. സ്വരാജ്ഭവൻ കെട്ടിടം പ്രവർത്തനസജ്ജമാക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 67475/ഡി.എം2/2011/തസ്വഭവ)**

തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ടെണ്ടർ വിളിക്കാതെ സിഡ്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകിയ നടപടിക്ക് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച്, സാധൂകരണം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം 16901/ഡി.എ2/2012/തസ്വഭവ)**

'പഠനവീടുകൾ' നടത്തുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ താത്ക്കാലികമായി നിയമിച്ച അദ്ധ്യാപകർക്ക് വേതനം നൽകാൻ അനുമതി നൽകി. മറ്റ് ജില്ലകൾക്ക് കൂടി മാതൃകാപരമായ ഈ പദ്ധതിയെ സംബന്ധിച്ച് വ്യാപകമായി പ്രചരണം നൽകാവുന്നതാണ് എന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തൃശൂർ ജില്ലാപഞ്ചായത്ത് (ഫയൽ നം 35925/ഡി.ബി2/2012/തസ്വഭവ)**

പ്രഥമ പ്രകൃതി സൗഹൃദ ജില്ലയായി തൃശൂരിനെ മാറ്റുന്ന പദ്ധതിയുടെ പ്രവർത്തനോത്ഘാടനത്തിന് ഒരു ലക്ഷം രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഐ.എ.വൈ വീടുകൾക്ക് വിഹിതം (ഫയൽ നം 49066/ഡി.ഡി.1/12/തസ്വഭവ)**

**(ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ കുറിപ്പ്**

ഐ.എ.വൈ വീടുകൾക്ക് സർക്കാർ വിഹിതം നൽകുന്നത് സംബന്ധിച്ച് എൽ.എസ്.ജി.ഡി, ഫിനാൻസ് വകുപ്പുകൾ സെക്രട്ടറി തലത്തിൽ ചർച്ച ചെയ്ത് കാബിനറ്റിന് നോട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം. 46977/ഡി.സി.3/12/തസ്വഭവ)**

മുനിസിപ്പാലിറ്റികളിൽ കഴിഞ്ഞ 5 വർഷം ഷെഡ്യൂൾ നിരക്കിൽ കുറഞ്ഞും അധികരിച്ചും ഏറ്റെടുത്ത പ്രവർത്തികളെ സംബന്ധിച്ച് ദ്രുതപഠനം നടത്തിയും ഇ-ടെണ്ടറിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും ഒരു റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിനുശേഷം തിരുവനന്തപുരം കോർപ്പറേഷന്റെ ആവശ്യം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 താമരശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47652/എഫ്.എം.2/12/തസ്വഭവ)**

അധികഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ, ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മാത്രമായി അനുവദിക്കാനാവാത്തതിനാൽ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 SPIC-MACAY എന്ന സംഘടനയുടെ അപേക്ഷ ഫയൽ നം.**
**(45436/എഫ്.എം.2/12/തസ്വഭവ)**

കലാപരിപാടികൾ അവതരിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് യഥേഷ്ഠാനുമതി അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ നിരസിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 48066/എഫ്.എം.2/12/തസ്വഭവ)**

സ്പെക്ട്രം സ്പെഷ്യൽ സ്ക്കൂളിൽ ഉപയോഗിക്കുന്ന പി.ടി.എയുടെ ചെറിയ വാഹനത്തിന്റെ തുടർ ചെലവ് നൽകുന്നതിന്, തനതുഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വിനിയോഗിക്കുന്നതിന് വിധേയമായി, അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 44585/ഡി.ഡി.2/12/തസ്വഭവ)**

തിരൂരങ്ങാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടിലേയ്ക്ക് പഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്ന് 3 ലക്ഷം രൂപവരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 നാലാം ധനകാര്യ കമ്മീഷൻ ശുപാർശ**

**(ഫയൽ നം. 33693/എഫ്.എം.3/12/തസ്വഭവ)**

നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോട്ടിന്റെ ഭാഗം I ലെ 11.02.24 നമ്പർ ശുപാർശ നടപ്പിലാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഇരിങ്ങാലക്കുട നഗരസഭ (ഫയൽ നം. 19003/എഫ്.എം.1/12/തസ്വഭവ)**

നഗരസഭയുടെ IHSDP രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തിയുള്ള ഫ്ളാറ്റ് നിർമ്മാണം സംബന്ധിച്ച് സമർപ്പിച്ച വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറോടും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറോടും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 താമരശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 46937/എഫ്.എം.1/12/തസ്വഭവ)**

ഷോർട്ട്ഫാൾ ഇനത്തിൽ കുറവു ചെയ്തത് ഒഴിവാക്കി കൊടുക്കണമെന്ന അപേക്ഷ നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് പരിഗണിക്കാൻ നിർവാഹമില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ചലചിത്ര വികസന കോർപ്പറേഷൻ (ഫയൽ നം. 23825/ഡി.എ1/09/തസ്വഭവ)**

ഡോക്യുമെന്ററി സംബന്ധിച്ച പ്രസെന്റേഷൻ അവതരിപ്പിക്കാൻ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സമയം അനുവദിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കണക്കുകൾ സംബന്ധിച്ച ഫോറങ്ങൾ**

11-ാം പഞ്ചവൽസര പദ്ധതിയിലെ അവസാന വർഷത്തിന്റെ (2011-12) കണക്കുകളും പരിഹാര വകയിരുത്തലുകളും ചേർക്കുന്നതിന് ഉള്ള ഫോറവും (അനുബന്ധം 1), 12-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷം (2012-13) വിവിധ വിഭാഗങ്ങൾക്കും പ്രത്യേക പദ്ധതികൾക്കും ലഭ്യമാകുന്ന തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ഫോറവും (അനുബന്ധം-2) ചർച്ച ചെയ്ത് അംഗീകരിക്കുകയും, അന്തിമമാക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെയും ചുമതലപ്പെടുത്തിയും തീരുമാനിച്ചു..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വികസനരേഖ അംഗീകരിക്കുന്ന തീയതിനീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച്:**

പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള തീയതി സെപ്തംബർ 10 ആയും, പ്രോജക്ടുകൾക്ക് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം നൽകുന്നതിനുള്ള തീയതി സെപ്തംബർ 12 ആയും പ്രോജക്ടുകൾക്ക് ഭരണസമിതി അംഗീകാരം നൽകുന്ന തീയതി സെപ്തംബർ 15 ആയും പുതുക്കി തീരുമാനിച്ചു. ഇതുപ്രകാരം വികസനസെമിനാർ ആഗസ്റ്റ് 30 നകവും, വികസനരേഖ അംഗീകരിക്കൽ സെപ്തംബർ 3 നകവും, പദ്ധതി അടങ്കലും വകയിരുത്തലുകളും തീരുമാനിക്കൽ സെപ്തംബർ 5 നകവും നടത്താനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.18 സാമൂഹിക സുരക്ഷിതത്വ മിഷന് തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സംബന്ധിച്ച് മേഖലാ പരിധി ബാധകമാകുന്നില്ല എന്ന സ്പഷ്ടീകരണം മിഷൻ ഡയറക്ടർക്ക് നൽകാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.19 **സമഗ്ര കുടിവെള്ള പദ്ധതി (ഫയൽ നം. 30249/എഫ്.എം.3/12)**

താനൂർ, താനാളൂർ, നിറമരുതൂർ ചെറിയമുണ്ടം, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നബാർഡ് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് 2 ലക്ഷം രൂപ വീതം വികസന ഫണ്ടിൽ നിന്നും ഡെപ്പോസിറ്റു ചെയ്യാൻ കൺസൾട്ടൻസി ഫീസ് മാനദണ്ഡമനുസരിച്ചുള്ള 2.33 ശതമാനത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 10.30 P.M-ന് അവസാനിച്ചു.)